ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി നിയമിക്കുന്നതിന് 25 ശതമാനം സീറ്റ് നീക്കിവച്ചിട്ടുണ്ട്. നിയമനങ്ങൾക്ക് പി.എസ്.സി. ലിസ്റ്റ് തയ്യാറായി വരുന്നുണ്ട്. അവർക്ക് അതു ലഭിക്കും. സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്ത്, സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തോടുകൂടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കുന്ന അംഗൻവാടി ജീവനക്കാർക്കുമാത്രമേ സ്ഥിരനിയമനം നൽകാൻ സാധിക്കുകയുള്ളൂ. ഓണറേറിയത്തിന്റെ അടിസ്ഥാനത്തിൽ ഹെൽപ്പർ തസ്തികയിൽ നിയമനം ലഭിക്കുന്നവർക്ക് മറ്റൊരു തസ്തികയിലേക്ക് പ്രൊമോഷൻ നൽകാൻ നിലവിൽ വ്യവസ്ഥയില്ല. പെൻഷന്റെ കാര്യവും ഈ One man commission-ൽപ്പെടുത്തണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുണ്ടെങ്കിലും, അതു പരിഗണിക്കുമെന്ന് ഉറപ്പു നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: Sir, I may be permitted to clarify it. അംഗൻവാടി ജീവനക്കാരെന്നു പറയുന്നത് നമ്മുടെ ജീവനക്കാരല്ല. 1975-ൽ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി അനുസരിച്ച് തുടങ്ങിയ ഒരു സ്കീമാണ്. 1995 വരെ ഇവർക്കുവേണ്ടി ഒരു പൈസപോലും കേരള ഗവൺമെന്റ് കൊടുത്തിരുന്നില്ല. മുഴുവൻ പൈസയും കേന്ദ്ര ഗവൺമെന്റാണ് കൊടുത്തിരുന്നത്. 1995-ലാണ് ആദ്യമായി 100 രൂപ അവർക്ക് സംസ്ഥാന ഗവൺമെന്റിന്റെ വകയായി കൊടുത്തത്. അങ്ങനെ മൂന്നു തവണ സംസ്ഥാന ഗവൺമെന്റ് നൂറു രൂപാ വീതം വച്ച്, കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നതിനുപുറമെ കൊടുത്തിട്ടുണ്ട്. മെരിറ്റിലേക്കു ഞാൻ കടക്കുന്നില്ല. ഫാക്ട് ഞാൻ പറഞ്ഞുവെന്നേയുള്ളൂ.

VI (a) ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകുന്നതു സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്: സർ, കഴിഞ്ഞ മാർച്ചു മാസത്തിൽ ഞാൻ കൊടുത്ത ഒരു ചോദ്യം, ചോദ്യം നമ്പർ 3153. ആരോഗ്യ വകുപ്പുമന്ത്രിക്കാണ് കൊടുത്തത്. മാർച്ച് മാസത്തിൽ കൊടുത്തു. ഉത്തരം കിട്ടിയില്ല. കഴിഞ്ഞ ദിവസം അങ്ങേക്ക് ഞാൻ ഒരു കത്തു തന്നു. മേയ് മാസം 4-ാം തീയതി. എന്നിട്ടും ഉത്തരം കിട്ടിയില്ല. ചോദ്യം, എയ്ഡ്സ് പരിശോധനാ ഫലം തിരുത്തി നൽകി, സമൂഹത്തിൽ എയ്ഡ്സ് പരത്തുന്നതുൾപ്പെടെയുള്ള രാജ്യദ്രോഹവും ഗുരുതരവുമായ ക്രമക്കേടുകൾ---ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നുള്ളതാണ്. ഇതുവരെ ഉത്തരം തന്നിട്ടില്ല. ചോദ്യവും ഉത്തരവും സഭയുടെ സ്വത്താണ്. അങ്ങനെ വരുമ്പോൾ ന്യായമായും അതിവിടെ തരുന്നതിനുപകരം ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly

രാത്രി ഒരു ഉദ്യോഗസ്ഥൻ ഒരു പുസ്തകവും കൊണ്ടുവന്നിരിക്കുകയാണ്, ഇതിൽ ഒരു ഒപ്പിട്ടിട്ട് ഉത്തരം വാങ്ങണമെന്ന് പറഞ്ഞ്. അതു എന്നേയും സഭയേയും അപമാനിക്കുന്നതിനു തുല്യമാണ്. അതുപോലെ 30-10-2001-ൽ ചോദ്യം നമ്പർ 1344, ചോദ്യം ഇതാണ് ടാറ്റാ ടീ ലിമിറ്റഡിന്റെ കൈവശം മൂന്നാർ മേഖലയിൽ എത്രമാത്രം അനധികൃത ഭൂമിയുണ്ടെന്നു കണ്ടെത്താൻ നടത്തിയ സർവ്വേ പൂർത്തിയായോ? പൂർത്തിയായിട്ടുണ്ടെങ്കിൽ, അനധികൃതമായി കൈവശപ്പെടുത്തിയത് കണ്ടെത്തിയിട്ടുണ്ടോ? ഉത്തരം—റവന്യൂ വകുപ്പുമന്ത്രി — ഉണ്ട്. 16-7-2004-ൽ വീണ്ടും ചോദ്യം അദ്ദേഹത്തോട്. ചോദ്യം നമ്പർ 2291. സംസ്ഥാനത്ത് ടാറ്റാ ടീ കമ്പനി സർക്കാർ ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടോ? ഉത്തരം, ടാറ്റാ ടീ കമ്പനി സർക്കാർ ഭൂമി കൈവശപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൂന്നു കൊല്ലം കഴിഞ്ഞപ്പോൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനുമുമ്പ് കൈവശപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി എനിക്കു എഴുതി തന്നതാണ്. ധനകാര്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു ഞാനൊരു കോഴിയാകാൻ ആഗ്രഹിക്കുന്നില്ല എന്ന്. പൂച്ചയെ വലിച്ചെറിഞ്ഞാൽ നാലു കാലും കൊണ്ട് നിൽക്കുമെന്നു പറഞ്ഞതുപോലെ, റവന്യൂ വകുപ്പുമന്ത്രി ഇതിലും ഒരു പൂച്ചയാകുമെന്ന് എനിക്കറിയാം. സംശയമില്ല. ഇതു സഭയോടുള്ള അവഹേളനമാണ്. ഒരു മന്ത്രിയും ചോദ്യത്തിനുത്തരം തരില്ല. ഒരു ചോദ്യത്തിനു രണ്ടു തരം ഉത്തരമാണ് തരുന്നത്; അതു ശരിയായ നടപടിയല്ല. അങ്ങ് ഇക്കാര്യത്തിൽ റൂളിംഗ് നൽകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ബഹുമാനപ്പെട്ട ചെയർ, ടെക്നിക്കലായിട്ടുള്ള ഒരു കാര്യത്തിൽ പിടിച്ചാണ് ശ്രീ. പി. സി. ജോർജ് പറയുന്നത്. വസ്തുതാപരമായി പറയുമ്പോൾ ഞാൻ അവസാനം പറയാം. രണ്ടു വ്യത്യസ്ത സാഹചര്യങ്ങളിൽ, രണ്ടു റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ രണ്ടു വ്യത്യസ്തങ്ങളായിട്ടുള്ള ഉത്തരം കൊടുത്തപ്പോൾ, അതിൽ ഒരു പൊരുത്തക്കേട് വന്നു എന്നുള്ളത് ശരിയാണ്. പക്ഷേ, അങ്ങനെയല്ലാതെ ആ ഉത്തരം കൊടുക്കാൻ പറ്റില്ല. 30-10-2001-ലെ ചോദ്യം ടാറ്റാ ടീ കമ്പനി അനധികൃതമായി ഗവൺമെന്റ് ഭൂമി കയ്യേറിയിട്ടുണ്ടോ? ഉണ്ടെന്നു ഉത്തരം കൊടുത്തു. രണ്ടാമതു 16-7-2004-ൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു പറഞ്ഞതിന് ഒരു പ്രത്യേക കാരണമുണ്ട്. ഹൈക്കോടതി വിധിയനുസരിച്ച് ടാറ്റായുടെ ഭൂമി അളന്നു തിരിച്ച്, അനധികൃതമായ ഭൂമി ഉണ്ടോ ഇല്ലയോ എന്നു കണ്ടുപിടിച്ച് അധികാരപ്പെടുത്തേണ്ടത് ലാന്റ് ബോർഡ് സെക്രട്ടറിയാണ്. ലാൻഡ് ബോർഡ് സെക്രട്ടറി ഗവൺമെന്റിലേക്ക് 25-2-2003-ൽ റിപ്പോർട്ടു നൽകി. റിപ്പോർട്ടിനകത്തു പറഞ്ഞിരിക്കുന്നത് അളന്നു നോക്കിയപ്പോൾ ടാറ്റായ്ക്കു അവാർഡിൻപ്രകാരം കൊടുക്കേണ്ടതായിട്ടുള്ള ഭൂമിയിൽ കുറച്ചു മാത്രമേ അവരുടെ കൈവശമുള്ളൂവെന്നാണ്.

10.30 A.M.]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയൊരു റിപ്പോർട്ടു തന്നിരിക്കുകയാണ്. ഞാൻ നിയമസഭയിൽ ഉത്തരം തരുമ്പോൾ ഇങ്ങനെയല്ലാതെ പിന്നെ എങ്ങനെ തരും? ലാൻഡ് ബോർഡ് സെക്രട്ടറി എഴുതി തന്ന ഉത്തരത്തിൽ ഒരു പൊരുത്തക്കേട് വന്നു. ആ ഉത്തരത്തിന്റെ ബേസ്സിസിൽ ഞാൻ മറുപടി നൽകി. അതു ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു ഉത്തരം നൽകി. അതല്ലേ തരാൻ പറ്റുകയുള്ളൂ. ബഹുമാനപ്പെട്ട പി. സി. ജോർജിന് ഏറ്റവും അവസാനമായി ഒരു ഉത്തരം ഈ നിയമസഭയിൽ ഞാൻ തന്നിട്ടുണ്ട്. അതിൽനിന്ന് മുഴുവൻ കാര്യങ്ങളും ക്ളിയർ ആകും. ഈ സംഭവത്തിനുശേഷം ഞാൻ അന്വേഷണം നടത്തി, മൂന്നാമതും ഒരു ചോദ്യത്തിനു ഉത്തരമായി ശ്രീ. പി. സി. ജോർജിന് 10-3-2005-ൽ ഏറ്റവും ലേറ്റസ്റ്റായിട്ട് മറുപടി കൊടുത്തിട്ടുണ്ട്. ശ്രീ. പി. സി. ജോർജിന്റെ 2153-ാം നമ്പർ ചോദ്യത്തിന്, ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ എത്ര ഏക്കർ ഭൂമി ടാറ്റയുടെ കയ്യിൽ ഉണ്ടെന്ന് അറിയാൻ കഴിഞ്ഞോ; വിശദീകരിക്കാമോ? ഞാൻ ഉത്തരം നൽകിയിട്ടുണ്ട്. ടി സർവ്വേയിൽ 49.80 ഹെക്ടർ സർക്കാർ ഭൂമി ടാറ്റയുടെ കൈവശമുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. That is the final answer. അത് ശ്രീ. പി. സി. ജോർജ് എടുത്തുകാണിക്കാതെ അതിനുമുമ്പുണ്ടായ ഒരു ചോദ്യത്തിന്റെ ഉത്തരം എടുത്തു കാണിക്കുകയാണ് ചെയ്തത്. The matter is closed. വളരെ കറക്ടായി നിയമസഭയിൽ ഉത്തരം നൽകിയിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: സർ, എനിക്ക് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ശ്രീ. പി. സി. ജോർജ് relevant ആയിട്ടുള്ള ഒരു ഇഷ്യു റെയിസ് ചെയ്തു. അതിന് ഇപ്പോൾ മന്ത്രി മറുപടി പറഞ്ഞു. അതിൽ പിന്നെയും ഇഷ്യു ഉണ്ട്. ഈ സഭയിൽ മന്ത്രിമാർ ഉത്തരം ശേഖരിച്ചുവരുന്നു എന്നുള്ള മറുപടി തരാറുണ്ട്. ഉത്തരം ശേഖരിച്ചുവരുന്നുവെന്ന് ചിലപ്പോൾ മന്തിമാർക്ക് ആൻസർ പറയേണ്ടി വരുമെന്നുള്ളത് എനിക്കറിയാം. പക്ഷേ, വിവരം ശേഖരിച്ചുവരുന്നുവെന്ന് പറഞ്ഞുകഴിഞ്ഞിട്ട് പല മന്ത്രിമാരുടെയും മറുപടി അനന്തമായി നീണ്ടുപോകുകയാണ്. പിന്നെ ആ ചോദ്യത്തിന് മറുപടി വരുന്ന പ്രശ്നമില്ല. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിൽ ഇതിന് ഒരു മോണിറ്ററിംഗ് ഉണ്ടാക്കണം. വിവരം ശേഖരിച്ചുവരുന്നുവെന്ന് പറഞ്ഞു കഴിഞ്ഞ് ചിലപ്പോൾ റിവരം ശേഖരിച്ച് പിന്നെ മെമ്പേഴ്സിന് തപാലിൽ മറുപടി കൊടുക്കുന്നുണ്ട്. എന്നാൽ ചില ഇഷ്യൂസിന് വിവരം ശേഖരിച്ചുവരുന്നുവെന്ന് പറയേണ്ടിവരും. പക്ഷേ, ചിലത് അങ്ങനെ evade ചെയ്യാൻവേണ്ടി പറയുന്നുണ്ട്. ചില കസ്റ്റ്യന് വിവരം ശേഖരിച്ച് കൊടുക്കാൻ കഴിയുന്നതാണ്. അത് അങ്ങയുടെ ശ്രദ്ധയിൽ വരികയും അത് അങ്ങ് ഗൗരവതരമായി എടുക്കുകയും ചെയ്യണം.

മി. സ്പീക്കർ: ഇതേകാര്യം ഇവിടെ പല മെമ്പർമാരും സൂചിപ്പിച്ച വിഷയമാണ്.

ശ്രീ. ഷിബു ബേബി ജോൺ: ഇതുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്. 2002 ജൂൺ മാസത്തിൽ ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യൻ എഴുതിക്കൊടുത്തു. അതിന് കഴിഞ്ഞയാഴ്ചയാണ് മറുപടി കിട്ടുന്നത്. മൂന്ന് വർഷത്തിനുശേഷമാണ് ഒരു മറുപടി കിട്ടുന്നത്. ഇതൊരു അവഹേളനമല്ലേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. ഷിബു ബേബി ജോൺ പറഞ്ഞ അതേയനുഭവം എനിക്കുമുണ്ടായിട്ടുണ്ട്. ഇങ്ങനെ രണ്ട് വർഷം കഴിഞ്ഞ് കിട്ടുന്ന ഉത്തരവും വ്യക്തതയോടും പൂർണ്ണതയോടുമല്ല കിട്ടുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അങ്ങനെയാണെന്ന് പറയുന്ന കമന്റ് വേണ്ട. അന്ന് പല മന്ത്രിമാരും അൺസ്റ്റാർഡ് ക്വസ്റ്റ്യന് മുഴുവൻ മറുപടി പറഞ്ഞ നിരവധി ദിവസങ്ങളുണ്ട്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സഭ തുടങ്ങിയ ആദ്യത്തെ ദിവസംതന്നെ ചോദിച്ച ചോദ്യങ്ങൾക്കും അടുത്ത അങ്ങയുടെ റൗണ്ടിൽ ചോദിച്ച ചോദ്യങ്ങൾക്കും ഇതുവരെ ഉത്തരം കിട്ടിയില്ല.

(b) റൂളിംഗ്

മി. സ്പീക്കർ: ചെയറിന്റെ അഭിപ്രായം വളരെ വ്യക്തമായി പറയാം. ഇത് ഇന്നത്തെ ഗവൺമെന്റിന്റെ കാലത്തോ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തോ ഉണ്ടായ പ്രശ്നമല്ല. നിയമസഭാ സാമാജികനെന്ന നിലയ്ക്ക് എന്റെ അറിവനുസരിച്ച് ഒരു കാലഘട്ടംവരെ വളരെയധികം ചോദ്യങ്ങൾ മെമ്പർമാർക്ക് ചോദിക്കാനുള്ള അവസരമുണ്ടായിരുന്നു. പിന്നെ എല്ലാ കാര്യങ്ങളും പരിഗണിച്ച് അതിന്റെ പ്രായോഗിക ബുദ്ധിമുട്ട് മനസ്സിലാക്കി ചോദ്യങ്ങളുടെ എണ്ണം നിയന്ത്രിച്ചു. അപ്പോൾ കൃത്യമായ മറുപടി കൊടുക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ട്. പക്ഷേ, ക്രമേണ ക്രമേണ അംഗങ്ങൾക്ക് ചോദ്യം ചോദിക്കാനുള്ള അവകാശം കുറഞ്ഞു കുറഞ്ഞു വരികയും ഉത്തരം കൊടുക്കാനുള്ള ബാദ്ധ്യതയിൽ വേണ്ടത്ര ശ്രദ്ധിക്കാത്ത ഒരു സ്ഥിതി വരികയും ചെയ്തു. ഇത് ഇന്നും ഇന്നലെയും ഉണ്ടായ സംഭവമല്ല. ഇത് വളരെ ഗൗരവതരമായ കാര്യം തന്നെയാണ്. പിന്നെ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് മോണിറ്റർ ചെയ്യുകയെന്നുപറയുന്നത് പ്രാക്ടിക്കലായി ബുദ്ധിമുട്ടാണ്. കാരണം ഇപ്പോൾത്തന്നെ നിങ്ങൾക്കറിയാം, കുറച്ച് ദിവസങ്ങൾക്കുള്ളിൽ ലെജിസ്ലേച്ചറിന് വളരെയധികം കാര്യങ്ങൾ ചെയ്യാനുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, കർശനമായ ഒരു നിർദ്ദേശം എല്ലാ വകുപ്പുകൾക്കും കൊടുക്കണം. ശേഖരിച്ചുവരുന്ന വിവരങ്ങൾ സമയബന്ധിതമായി കൊടുക്കാനുള്ള ഉറപ്പ് വരുത്തണം. പിന്നെ എല്ലാപേരും അംഗീകരിക്കുകയാണെങ്കിൽ Papers laid on the Table എന്ന കമ്മിറ്റിയുണ്ട്. അവർക്കിത് മോണിറ്റർ ചെയ്യാൻ വിരോധമില്ലെങ്കിൽ തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly